**NATIONAL HEALTH MISSION**
District Programme Management Support Unit
II Floor, Civil Station, Kannur - 2
Phone: 0497 2709920 email:dpmknr@gmail.com

നം.ഡി.പി.എം.എസ്.യൂ/കെ.എൻ.ആർ/1412/2016. തിയ്യതി. 13.12.2016.

## ക്വട്ടേഷൻ നോട്ടീസ്

കണ്ണൂർ ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം) പദ്ധതിക്ക് കീഴിൽ ആറളം ആദിവാസി പുനരധിവാസ മേഖലയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച ഫീൽഡ് പ്രവർത്തനം നടത്തുന്നതിലേക്ക് ആറളം ഫാം പി.എച്ച്.സി. മെഡിക്കൽ ആഫീസർക്ക് ഉപയോഗിക്കുന്നതിനുവേണ്ടി ഒരു ടാക്സി ജീപ്പ് (4 വീൽ ഡ്രൈവ്) കരാറടിസ്ഥാനത്തിൽ 3 മാസത്തേക്ക് വാടകയ്ക്ക് ലഭിക്കുന്നതിന് കരാറുകാരിൽ നിന്നും / ഏജൻസികളിൽ നിന്നും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

1. ജീപ്പ് പരമാവധി ഒരു മാസം 1500 കിലോമീറ്റർ വരെ ഓടേണ്ടതിനുള്ള പ്രതിമാസ വാടകയാണ് കുറിക്കേണ്ടത്. 1500 കി.മീറ്ററിൽ കൂടുതൽ ഓടേണ്ടിവരികയാണെങ്കിൽ അങ്ങനെ ഓടുന്ന ഓരോ കി.മീ.നും നിലവിലുള്ള ഗവൺമെന്റ് നിരക്കോ അല്ലെങ്കിൽ കരാറുകാരൻ കുറിക്കുന്ന നിരക്കോ ഏതാണ് കുറവ് അത് നൽകുന്നതാണ്.
2. വണ്ടിക്ക് നിലവിൽ ടാക്സി പെർമിറ്റും പുതുക്കിയ രജിസ്ട്രേഷനും ഉണ്ടായിരിക്കണം.
3. വണ്ടിക്കാവശ്യമായ ഇന്ധനം, റിപ്പയർ/സർവ്വീസ് ചെലവുകൾ/മറ്റ് ചെലവുകൾ കരാറുകാരന്റെ ചെലവിൽ നിർവ്വഹിക്കേണ്ടതാണ് .
4. ഡ്രൈവറെ കരാറുകാരൻ നിയമിക്കേണ്ടതും ശമ്പളം നൽകേണ്ടതുമാണ്.
5. ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും ദിവസം വണ്ടിയുടെ സേവനം ലഭ്യമല്ലാതെ വന്നാൽ അത്തരം ദിവസങ്ങളിൽ പകരം വാഹനം കരാറുകാരൻ ഏർപ്പാടാക്കണം.
6. എല്ലാ ദിവസവും 24*7 എന്ന നിലയിൽ വണ്ടിയുടെ സേവനം ലഭ്യമാക്കേണ്ടതാണ്. ഫീൽഡ് പ്രവർത്തനങ്ങൾക്ക് കൂടാതെ ഏതെങ്കിലും ആദിവാസി രോഗിക്ക് അത്യാവശ്യ ചികിത്സ നൽകുന്നതിലേക്ക് വാഹനം ആവശ്യമായി വരികയാണെങ്കിൽ മേൽപറഞ്ഞ രീതിയിൽ വാടകയ്ക്കെടുക്കുന്ന വണ്ടി ഉപയോഗിക്കുന്നതാണ്. അതിന് പ്രത്യേകമായി വാടകനൽകുന്നതല്ല.
7. ക്വട്ടേഷനോടൊപ്പം വണ്ടിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ടാക്സി പെർമിറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഇൻഷൂറൻസ് അടച്ചതിനുള്ള രേഖ, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പരിശോധനാ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.
8. വാടകയ്ക്ക് എടുക്കുന്ന വണ്ടിയുടെ കരാറുകാരൻ 200/- രൂപയുടെ മുദ്രകടലാസിൽ ഒരു നിർദ്ദിഷ്ട ഉടമ്പടി ഒപ്പിട്ട് നൽകേണ്ടതാണ്.
9. വാടകയിൽ നിന്നും നിയമാനുസൃതമായ നികുതികൾ (ആദായനികുതി മുതലായവ) ഈടാക്കി അടക്കുന്നതാണ്.
10. വാടകയ്ക്ക് എടുക്കുന്ന വണ്ടിയുടെ ഡ്രൈവർ വണ്ടിയുടെ ഉപയോഗം കാണിക്കുന്ന ഒരു ലോഗ് ബുക്ക് എഴുതി യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് വാങ്ങേണ്ടതും വാടകയ്ക്കുള്ള ബില്ല് സമർപ്പിക്കുമ്പോൾ ഈ ഓഫീസിൽ നൽകേണ്ടതുമാണ്.
11. വാടക അഡ്വാൻസ് നൽകുന്നതല്ല. ഒരു മാസം പൂർത്തിയാക്കിയാൽ ബില്ല് ആറളം ഫാം പി.എച്ച്.സി. മെഡിക്കൽ ആഫീസറുടെ വണ്ടി തൃപ്തികരമായി ഉപയോഗിച്ചിട്ടുണ്ടെന്നുള്ള ഒരു സർട്ടിഫിക്കറ്റോടുകൂടി സമർപ്പിക്കുന്ന മുറയ്ക്ക് ഇ-ബാങ്കിങ് മുഖേന കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വാടക തുക അയക്കുന്നതാണ്.
12. ക്വട്ടേഷൻ വാഹനയുടമയല്ല സമർപ്പിക്കുന്നതെങ്കിൽ വാഹനം വാടകയ്ക്കു നൽകുന്നതിന് ഉടമ ഏജൻസിക്ക് / കരാറുകാരന് 200 രൂപയുടെ മുദ്രക്കടലാസിൽ നിർദ്ദിഷ്ട അധികാരപത്രം നൽകേണ്ടതും അതിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

നിർദ്ദിഷ്ട ഫോറത്തിൽ ക്വട്ടേഷൻ തയ്യാറാക്കി ക്വട്ടേഷനും അനുബന്ധരേഖകളും ഒരു കവറിൽ അടക്കം ചെയ്യേണ്ടതും, കവറിനു മുകളിൽ ടാക്സി ജീപ്പ് വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ എന്നെഴുതേണ്ടതുമാണ്. ക്വട്ടേഷനുകൾ ജില്ലാ പ്രോഗ്രാം മാനേജർ, നാഷണൽ ഹെൽത്ത് മിഷൻ, പി.ഒ.സിവിൽ സ്റ്റേഷൻ, കണ്ണൂർ-2 എന്ന വിലാസത്തിലാണ് നൽകേണ്ടത്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 21.12.2016-ന് രാവിലെ 11 മണി വരെ ആയിരിക്കും. ലഭിച്ച ക്വട്ടേഷനുകൾ അന്നു തന്നെ തുറക്കുന്നതും കുറഞ്ഞ നിരക്ക് കാണിക്കുന്നതും മാർക്കറ്റ് നിരക്കുമായി യോജിക്കുന്നതുമായ ക്വട്ടേഷൻ അംഗീകരിക്കുന്നതുമാണ്. ക്വട്ടേഷനുകൾ അംഗീകരിക്കുന്നതും മറ്റുമായ തീരുമാനങ്ങൾ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ അന്തിമ തീർപ്പിന് വിധേയമായിരിക്കും.

ജില്ലാ പ്രോഗ്രാം മാനേജർ
ആരോഗ്യകേരളം (നാഷണൽ ഹെൽത്ത് മിഷൻ)
കണ്ണൂർ

പകർപ്പ് :- 1. ആരോഗ്യകേരളം ഓഫീസ് നോട്ടീസ് ബോർഡിൽ.
2. ആറളം ഫാം പി.എച്ച്.സി. മെഡിക്കൽ ആഫീസർക്ക്.

NATIONAL HEALTH MISSION
DISTRICT OFFICE, KANNUR - 670 002